No. CEE/2933/B.Des-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം–695 001.

## പത്രക്കുറിപ്പ്

## ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം–2020

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരത്തെ കോളേജ് ഓഫ് ആർക്കിടെക്ചർ (സ്വാശ്രയം) കോളേജിൽ 2020–21 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സ് പ്രവേശനത്തിനുള്ള അലോട്ട്മെന്റ് പട്ടിക www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് വഴി യഥാസമയം അപേക്ഷ സമർപ്പിക്കുകയും യോഗ്യതാ പരീക്ഷയുടെ മാർക്ക് (പ്ലസ് ടു/തത്തുല്യം) സമർപ്പിക്കുകയും ചെയ്ത് പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പിച്ച മറ്റു രേഖകളും സഹിതം കോളേജിൽ ഹാജരായി ഫീസിനത്തിൽ Rs.80,000/- രൂപ കോളേജിൽ ഒടുക്കി **30.11.2020 വൈകുന്നേരം 3.00 മണിക്കകം** പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
25.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**